'ഭരണഭാഷ - മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

---

നമ്പർ. **E/E6/928/2023/STDD(1)** തീയതി: **28/01/2023**

## വിജ്ഞാപനം

പട്ടിക വർഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ഓഫീസ് മാനേജ്മന്റ് ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിന് ഭാഗമായി സംസ്ഥാനത്തെ പട്ടിക വർഗ യുവതി യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനത്തു ഒട്ടാകെയുള്ള 140 ഒഴിവുകളിലേക്ക് എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ 01 .01 .2022 ൽ 18 വയസ് പൂർത്തിയായവരും 35 വയസ് കവിയാത്തവരുമായിരിക്കണം .ബിരുദധാരികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതായിരിക്കും.

ഉദ്യോഗാർഥികളുടെ വാർഷിക വരുമാനം 1,00,000 / - ( ഒരു ലക്ഷം രൂപ) രൂപയിൽ കവിയരുത് (കുടുംബനാഥന്റെ / സംരക്ഷകന്റെ വരുമാനം ) അപേക്ഷകരെ സ്വന്തം ജില്ലയിൽ മാത്രമേ പരിഗണിക്കുകയുള്ളൂ. .പരിശീലനത്തിനായി തിരഞ്ഞെടുക്കുന്നവർക്ക് പ്രതിമാസം 10000 / - രൂപ ( പതിനായിരം രൂപ) ഓണറേറിയം നൽകുന്നതാണ്. നിയമനം അപ്പ്രീൻസ്ഷിപ് ആക്ട് അനുസരിച്ചുള്ള നിയമങ്ങൾക്കു വിധേയവും തികച്ചും താല്കാലികവും ഒരു വർഷത്തേക്ക് മാത്രവുമായിരിക്കുന്നതാണ്.

പട്ടിക വർഗ വികസന വകുപ്പിന്റെ അതാത് ജില്ലാ ഓഫീസുകളുടെ കീഴിൽ നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും പരിശീലനത്തിന് തിരഞ്ഞെടുക്കുന്നത്. അപേക്ഷ ഫോറങ്ങൾ എല്ലാ ഐ ടി ഡി പ്രൊജക്റ്റ് ഓഫീസ് / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും . പൂരിപ്പിച്ച അപേക്ഷ അവരവരുടെ ഐ ടി ഡി പ്രൊജക്റ്റ് ഓഫീസ്/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 15 .02. 2023 ആണ്. ഒരു തവണ പരിശീലനം നേടിയവർ വീണ്ടും അപേക്ഷിക്കാൻ പാടുള്ളതല്ല. തെരഞ്ഞെടുക്കപെടുന്നവർ പരിശീലനത്തിന് റിപ്പോർട്ട് ചെയുമ്പോൾ വരുമാന സർട്ടിഫിക്കറ്റ്, നിലവിലുള്ള റേഷൻ കാർഡ്, വരുമാനം സംബന്ധിച്ച 200 / - രൂപ മുദ്രപത്രത്തിൽ അഫിഡവിറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

ഡയറക്ടർ

1 ,എല്ലാ പ്രൊജക്റ്റ് ഓഫീസിൽ/ ട്രൈബൽ ഡെവലൊപ്മെന്റ് ഓഫീസ് /ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ .
2 ,തൊഴിൽവാർത്ത / തൊഴിൽവീഥി (പി ആർ ഡി മുഖാന്തിരം)
3 , വെബ്സൈറ്റ്
4 , നോട്ടീസ് ബോർഡ്
5 , കരുതൽ ഫയൽ

# പട്ടിക വർഗ്ഗ വികസന വകുപ്പിൽ മാനേജ്മെന്റ് ട്രെയിനി നിയമനം

## അപേക്ഷാ ഫോറം

1. പേര് :
2. പിതാവിന്റെ / രക്ഷിതാവിന്റെ പേര് :
3. സ്ഥിരം മേൽ വിലാസം :
4. ജനന തീയതി :
5. മതം/ജാതി :
6. വിദ്യഭ്യാസ യോഗ്യത :
7. മാതൃഭാക്ഷ :
8. സോഷ്യൽ അക്റ്റിവിസ്റ്റ്/ എസ്.റ്റി പ്രൊമോട്ടർ/ഹെൽത്ത് വർക്കർ/എന്നീ നിലകളിൽ ജോലി പരിചയം ഉണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :
9. മറ്റു തൊഴിൽ പരിചയം :
10. എറ്റവും അടുത്തുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് / ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്/ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസിന്റെ പേര്? :
11. വാർഷിക വരുമാനം (വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം) നമ്പർ തീയതി :

അപേക്ഷകന്റെ ഒപ്പ്

സ്ഥലം :

തീയതി :